## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.438 27/09/2016-ൽ മറുപടിക്ക്

## കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ്

| | ചോദ്യം<br><br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br><br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിലെ കോവൂർ, മാവൂർ എന്നീ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുറ്റിക്കാട്ടൂർ ആസ്ഥാനമായി ഒരു പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ? | (എ) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മേൽ മാനദണ്ഡങ്ങൾ കോവൂർ, മാവൂർ എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ഇവ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുകയെന്നത് പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ